12364
19/7/19

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (സാധാ) നം. **1942/2019/റവ.** തിരുവനന്തപുരം, തീയതി, **17.07.2019**.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 1. 21.06.2018-ലെ സ.ഉ. (കൈ) നം. 07/2018/ഡി.എം.ഡി. നമ്പർ ഉത്തരവ്.
2. 12.02.2019-ലെ DMA1/518/18/DMD നമ്പർ അനൗദ്യോഗിക കുറിപ്പ്.
3. മലപ്പുറം ജില്ലാ കളക്ടറുടെ 21.05.2019-ലെ ഡി.എം.1-229418/2018 നമ്പർ കത്ത്.

## ഉത്തരവ്

2018-ലെ പ്രളയത്തെത്തുടർന്ന് കൊണ്ടോട്ടി താലൂക്ക്, ചെറുകാവ് വില്ലേജിൽ മരണപ്പെട്ട ശ്രീ. കണ്ണനാരി അസീസിന്റെ വീടും സ്ഥലവും മണ്ണിടിഞ്ഞ് വാസയോഗ്യമല്ലാതാവുകയും പരേതന്റെ മക്കളായ ശ്രീ. മുഹമ്മദ് ഉവൈസ്, ശ്രീ. മുഹമ്മദ് ഉനൈസ് എന്നിവർക്ക് പ്രസ്തുത സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലാത്തതിനാലും അപകടഭീഷണി നിലനിൽക്കുന്നതിനാലും പ്രസ്തുത വീട് ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം പൊളിച്ച് മാറ്റിയതും കൂടാതെ കൊണ്ടോട്ടി താലൂക്കിലെ വാഴയൂർ വില്ലേജിൽ പ്രളയത്തിൽ പൂർണ്ണമായി നശിക്കുകയും 9 പേർ മരണപ്പെടുകയും ചെയ്ത ശ്രീ. അസ്കർ പാണ്ടികശാലയുടെ വീട് തൊട്ടടുത്ത വീടുകൾക്ക് അപകട ഭീഷണി ഉയർത്തുന്നതിനാൽ പൊളിച്ച് മാറ്റുവാൻ ജില്ലാകള്കടർ ഉത്തരവിട്ടതായും" ആയതിനാൽ ടി കുടുംബത്തേയും പുനരധിവസിപ്പിക്കണമെന്നും രണ്ടു കുടുംബങ്ങളുടേയും വീടും സ്ഥലവും വാസയോഗ്യമല്ലാത്തതിനാൽ പുനരധിവസിപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് നൽകുന്ന 10 ലക്ഷം രൂപ ടി കുടുംബങ്ങൾക്കും അനുവദിക്കണമെന്നും ജില്ലാകളക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിലെ പ്രളയത്തിൽ മരണപ്പെട്ട കണ്ണനാരി അസീസിന്റെ മക്കളായ ശ്രീ. മുഹമ്മദ് ഉവൈസ്, ശ്രീ. മുഹമ്മദ് ഉനൈസ് എന്നീ രണ്ട് പേർക്കും കൂടിയും കൊണ്ടോട്ടി താലൂക്കിലെ വാഴയൂർ വില്ലേജിലെ, പ്രളയത്തിൽ പൂർണ്ണമായും വീട് നശിച്ച അസ്കർ പണ്ടികശാലയുടെ കുടുംബത്തിനും, ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയോ, പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് ടി തുക ഒരോ കുടുംബത്തിനും അനുവദിക്കുന്നതിനും വീട് വയ്ക്കുന്നതിന് നൽകേണ്ടതായ 3,04,900/- രൂപ വീതവും ചേർത്ത് ആകെ 18,09,800/- രൂപ (രണ്ടു കുടുംബങ്ങൾക്കും ഭൂമി വാങ്ങുന്നതിനുള്ള 12 ലക്ഷം രൂപയും വീട് വയ്ക്കുന്നതിനുള്ള 6,09,800/- രൂപയും) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4 വിതരണത്തിനാവശ്യമായി വരുന്ന 18,09,800/- (പതിനെട്ടു ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ

..2/-

ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. കൂടാതെ സ്ഥലം വാങ്ങുന്നതിനായി നൽകുന്ന 6 ലക്ഷം രൂപയിൽ പ്രമാണത്തിലുള്ള വില കഴിച്ച് ബാക്കി വരുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol. K.N

സെക്ഷൻ ഓഫീസർ.